**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **10-10-2024 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഹെർബർട്ട് പാലത്തിന്റെ സ്ഥലം - സാമൂഹ്യ പ്രത്യാഘ്യാത വിലയിരുത്തൽ സംബന്ധിച്ച്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ 30.10.2016 തീയതിയിലെ സ.ഉ.(സാധാ)നം. 1496/2016/ പൊ.മ.വ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതും 17.06.2022ന് 6(1) വിജ്ഞാപനവും പ്രസിദ്ധീകരിച്ചതും 22.12.2022ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഹിയറിംഗ് നടത്തുകയും ചെയ്ത നായരമ്പലം ഹെർബർട്ട് പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | 2025 ജനുവരി മാസത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തൊക്കെ നടപടിക്രമങ്ങളാണ് ഇനിയും പൂർത്തികരിക്കാനുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുക, ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുക, ഡിറ്റെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് (DVS) തയ്യാറാക്കുന്നതിനുള്ള നടപടികൾ, അവാർഡ് എൻക്വയറി, അവാർഡ് പാസ്സാക്കൽ, നഷ്ടപരിഹാര തുക കൈമാറൽ, സ്ഥലം ഏറ്റെടുക്കൽ എന്നീ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | ഭരണാനുമതി ലഭിച്ച് 8 വർഷം ആയിട്ടുള്ളതിനാൽ സ്ഥലമെടുപ്പ് നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) | 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് പ്രകാരമുള്ള 11(1) പ്രാഥമിക വിജ്ഞാപനം 2023 ഒക്ടോബറിലെ 3431 നമ്പർ (വാല്യം 12) അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടിയിൽ ഇരിക്കുന്നതും സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ